(*d*) Rs. 12,125-0-2.

(*e*) The workers are not entitled to any bonus, because the factory had been working at a loss. The bonus was paid to persuade the workers to return to work as otherwise a continuance of the strike would have involved greater loss to the factory.

പട്ടികജാതി ക്രിസ്ത്യാനികൾ ഒരു ആനുകൂല്യങ്ങൾ.

* 755. [3] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി പറയുമോ:

(എ) ഗവണ്മെൻറാനുകൂല്യങ്ങൾക്കുമാത്രം വരുന്ന ക്രിസ്ത്യാനികൾ അവർതന്നെ പട്ടികജാതിക്കാരിൽ നിന്നും മതപരിവർത്തനം ചെയ്തവർ എന്ന് സ്റ്റേറ്റുമെൻറ് നൽകിയാൽ പട്ടികജാതി ഹിന്ദുക്കൾക്കും പിന്നാക്കസമുദായങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന് ഒരു ഗവണ്മെൻറാർഡർ പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ തത്വം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

കണ്ടിൻജൻസി ജീവനക്കാർ.

* 756. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആകെ എണ്ണമെത്ര;

(ബി) തിരുവനന്തപുരം മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരിൽ തുപ്പുകാരുടെ സംഖ്യം വെട്ടിക്കുറച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫുൾടൈം കണ്ടിൻജൻസി ജീവനക്കാർ 4327. പാർട്ട് ടൈം കണ്ടിൻജൻസി ജീവനക്കാർ 4685.

(ബി) വ്യയനിയന്ത്രണ നടപടികളുടെ സ്വീകരിച്ചപ്പോൾ മ്യൂസിയം ഉൾപ്പെടെ ചില ഡിപ്പാർട്ടുമെൻറുകളിൽ "ഫുൾടൈം" തുപ്പുകാരെ "പാർട്ടുടൈം" ജോലിക്കാരാക്കുകയുണ്ടായി. അതനുസരിച്ച് അവർക്ക് മുമ്പു കിട്ടിവന്നിരുന്ന ശമ്പളത്തിനു കുറവു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly